# കേരള സാഹിത്യ അക്കാദമി

പി.ബി.നമ്പർ 501, ടൗൺ ഹാൾ റോഡ്, തൃശൂർ 680020, ഫോൺ&ഫാക്സ് 0487 2331069 ,2331103
ഇ.മെയിൽ: keralasahityaakademi@gmail.com വെബ്സൈറ്റ്: www keralasahityaakademi.org

പത്രക്കുറിപ്പ്

10.06.2017

## ഇന്ത്യൻ ജനാധിപത്യത്തെ സംരക്ഷിക്കുക പ്രതിരോധസാഹിത്യത്തിന്റെ പ്രഥമ ലക്ഷ്യം
## സച്ചിദാനന്ദൻ

മതത്തിന്റെയും മൂലധനത്തിന്റെയും പുരുഷന്റെയും സമഗ്രാധിപത്യപ്രവണതകളോട് പ്രതികരിക്കുന്ന പ്രതിരോധസാഹിത്യത്തിന്റെ പ്രഥമലക്ഷ്യം ഇന്ത്യൻ ജനാധിപത്യത്തെ സംരക്ഷിക്കുക എന്നതാണെന്ന് സച്ചിദാനന്ദൻ പറഞ്ഞു. കേരള സാഹിത്യ അക്കാദമിയുടെ 60-ാം വാർഷികാഘോഷത്തിന്റെ ഭാഗമായി അക്കാദമി ഓഡിറ്റോറിയത്തിൽ രാവിലെ നടന്ന സാഹിത്യവും പ്രതിരോധവും എന്ന വിഷയത്തിൽ നടന്ന സെമിനാറിൽ മുഖ്യ പ്രബന്ധം അവതരിപ്പിക്കുകയായിരുന്നു അദ്ദേഹം. നമ്മുടെ ജനാധിപത്യം അടിസ്ഥാന ആശയങ്ങളിൽനിന്നും മൂല്യങ്ങളിൽനിന്നും അകന്നുപോവുകയാണ്. അധികാരത്തിന്റെ ഹിംസകൾക്കും ദുഷ്ടനീതിക്കുമെതിരായ ചെറുത്തുനിൽപ്പ് ശക്തിപ്പെടുത്തുന്നതാവണം പ്രതിരോധസാഹിത്യം. സ്വന്തം അഭിപ്രായം തുറന്നുപറയുന്നവരെ നാടുകടത്തണമെന്ന ആക്രോശം ഉയരുന്നു. സാംസ്കാരികപ്രവർത്തകർ കൊലചെയ്യപ്പെടുന്നു. മണ്ണും വായും ജലവും ഒരു ചെറിയ വിഭാഗം കൈയടക്കുകയാണ്. സാംസ്കാരികമായ ബഹുസ്വരത നിഷേധിക്കപ്പെടുന്നു. ന്യൂനപക്ഷങ്ങളെ അപരവത്ക്കരിക്കുകയും വേട്ടയാടുകയും ചെയ്യുന്നു. അന്ധമായ ഭൂതകാലാരാധന ആധിപത്യം ചെലുത്തുമ്പോൾ ഭക്ഷണവും എഴുത്തും വസ്ത്രവും എങ്ങനെ ആയിരിക്കണമെന്ന് നിശ്ചയിക്കുന്നത് ഭരണകൂടമാണ്. ഇക്കാലത്ത് അവനവന്റെ ആവിഷ്ക്കാരസ്വാതന്ത്ര്യം സംരക്ഷിക്കുക എന്നതുതന്നെ ഒരു വലിയ വെല്ലുവിളിയാണ്. ജനാധിപത്യം നിലനിൽക്കണമെന്ന് ആഗ്രഹിക്കുന്ന മനുഷ്യസ്നേഹികൾ ഒന്നിച്ചു നിൽക്കേണ്ട രാഷ്ട്രീയ-സാംസ്കാരിക സന്ദർഭമാണിതെന്നും സച്ചിദാനന്ദൻ പറഞ്ഞു.

അധികാരികൾ സർഗാത്മകതയെ ഭയപ്പെടുന്നവരും സ്വാതന്ത്ര്യത്തെ നിഷേധിക്കുന്നവരുമാണെന്ന് സെമിനാറിൽ മോഡറേറ്ററായ ഇ.പി.രാജഗോപാലൻ പറഞ്ഞു. സാഹിത്യം അടിസ്ഥാനപരമായി പ്രതിരോധമാണ്. വ്യവസ്ഥയോടുള്ള എതിർപ്പിന്റെ നിലപാടാണ് ഓരോ കൃതിയുടെയും അടിസ്ഥാനം. അച്ചടക്കത്തിൽ വിശ്വസിക്കുന്നവരുടെ സമൂഹമായി നമ്മൾ മാറിക്കഴിഞ്ഞിട്ടുണ്ട്. ആർത്തിയുടെ ലോകത്തോട് പൊരുത്തപ്പെടുന്ന ജനത രൂപപ്പെട്ടു. ഇതിൽനിന്നുള്ള വിമോചനമാണ് പ്രതിരോധസാഹിത്യം മുന്നോട്ടുവെക്കുന്നതെന്ന് അദ്ദേഹം പറഞ്ഞു. ജനാധിപത്യത്തിന്റെ വളർച്ച നമ്മുടെ സർഗാത്മകമായ കാഴ്ചയെയും കേൾവിയെയും കൂടുതൽ സൂക്ഷ്മമാക്കുമെന്ന് കെ.ഇ.എൻ. പറഞ്ഞു. ഭരണകൂടം ഭയം വളർത്തുമ്പോൾ വ്യക്തി സ്വയംനിയന്ത്രണത്തിന് വിധേയനാകും. ഫാസിസം വിജയിക്കുന്നത് ഇങ്ങനെയാണ്. നവഫാസിസ്റ്റുകൾ ഭരണാധികാരത്തിൽ ഇല്ലാത്തപ്പോൾതന്നെ അവർ സാംസ്കാരികവിജയം നേടിയിരുന്നു. ഫാസിസം ഹിംസാത്മകമായ ആക്രമണം മാത്രമല്ല, വ്യക്തിബന്ധങ്ങളിൽവരെ കടന്നുകൂടുന്ന അസഹിഷ്ണുതയാണെന്നും കെ.ഇ.എൻ.പറഞ്ഞു. ഡോ.മ്യൂസ് മേരി ജോർജ്ജ് സ്വാഗതവും മങ്ങാട് ബാലചന്ദ്രൻ നന്ദിയും പറഞ്ഞു.

**ഡോ.കെ.പി.മോഹനൻ**
സെക്രട്ടറി